25 (*145) റവന്യൂ കാർഡ് വിതരണം

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഒന്നാം ഘട്ടത്തിൽ എത്രപേർക്ക് റവന്യൂകാർഡ് ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂകാർഡിന് എത്ര രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്; ഈ ഫീസ് അടയ്ക്കുന്നതിൽനിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ പേർക്കും റവന്യൂകാർഡ് നൽകൽ എത്രകാലം കൊണ്ട് പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡ് ലഭ്യമാക്കും. ഇപ്പോൾ 4000 കുടുംബങ്ങൾക്ക് റവന്യൂകാർഡ് നൽകിക്കഴിഞ്ഞു.

(സി) ഒരു കാർഡിന് പതിനഞ്ച് രൂപയാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) 2000 ഡിസംബറിനകം സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും റവന്യൂകാർഡ് നൽകാനാണ് ഉദ്ദേശിക്കുന്നത്.

26 (*146) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോർമൻസ് ആഡിറ്റ്

ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ആഡിറ്റുകൾ നടത്തുവാൻ ഇപ്പോൾ സംവിധാനമുണ്ടോ;

(ബി) എങ്കിൽ പെർഫോർമൻസ് ആഡിറ്റ് നടത്താത്തതിന്റെ കാരണമെന്താണ്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാൻ പെർഫോർമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly